ജനുവരി 2021 ലക്കം 1

# ഉണർവ്വ്

## പഠനപത്രിക

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## സന്നദ്ധ സേവനം

**ആമുഖം**

സന്നദ്ധ സേവനം ഏറ്റവും വലിയ കാരുണ്യപ്രവർത്തിയാണ്. സന്നദ്ധ പ്രവർത്തകരുടെ സമയത്തിന്റെയും, ഹൃദയത്തിന്റെയും, ആത്മാവിന്റെയും, കരുതലും സ്നേഹവും സന്നദ്ധ പ്രവർത്തനത്തിലൂടെ പങ്കിടുന്നു. ഒരു വ്യക്തിയുടെ ജീവിതം മികച്ചതാക്കുന്നതിനും നമ്മുടെ സമൂഹത്തിനെ ഏതെങ്കിലും തരത്തിൽ സഹായിക്കുന്നതിനും, സന്നദ്ധ പ്രവർത്തനം സഹായിക്കുന്നു. കൂടാതെ സന്നദ്ധസേവനം നമ്മുടെ ആത്മവിശ്വാസം, ആത്മാഭിമാനം, എന്നിവ വളർത്തുന്നതിനും ജീവിതസംതൃപ്തി കൈവരിക്കുന്നതിനും ആരോഗ്യകരമായ ഉത്തേജനം നൽകകുന്നു. സന്നദ്ധപ്രവർത്തകരുടെ വിലപ്പെട്ട സമയത്തിന്റെ കുറച്ച് മണിക്കൂർ സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി ചെലവഴിക്കുന്നതിലൂടെ സമൂഹത്തിൽ വളരെ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനു സഹായിക്കുന്നു. സന്നദ്ധപ്രവർത്തകരുടെ മാതൃകയിലൂടെ സന്നദ്ധപ്രവർത്തനത്തിന്റെ പ്രാധാന്യം ജനങ്ങൾക്ക് മനസ്സിലാക്കുകന്നതിനും അതിലൂടെ സന്നദ്ധസേവനത്തിനായി ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിനും സാധ്യമാകുന്നു.

**എന്താണ് സന്നദ്ധ പ്രവർത്തനം**

സാമൂഹ്യസേവനത്തിനായി സമയവും അദ്ധ്വാനവും സൗജന്യമായി നൽകുന്ന ഒരു വ്യക്തിയുടെയോ, ഗ്രൂപ്പിന്റെയോ, അല്ലെങ്കിൽ സംഘടനയുടെയോ സ്വമേധയാ ചെയ്യുന്ന പ്രവർത്തനമാണ് സന്നദ്ധപ്രവർത്തനം. കൂടാതെ മനുഷ്യബന്ധങ്ങളുടെ അടിസ്ഥാന ആവിഷ്കാരം കൂടിയാണിത്. ആരോഗ്യം, വിദ്യാഭ്യാസം, അടിയന്തിര രക്ഷാപ്രവർത്തനം എന്നീ തലങ്ങളിലാണ് പലരും സന്നദ്ധസേവനം ചെയ്യുന്നത് ഇവ ചെയ്യുന്നതിനായി പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകുന്നു.

**സന്നദ്ധസേവനത്തിന്റെ പ്രാധാന്യവും സവിശേഷതകളും**

തിരക്കുള്ള ജീവിതത്തിൽ സന്നദ്ധ പ്രവർത്തനത്തിന് സമയം കണ്ടെത്തുന്നത് ബുദ്ധിമുട്ടാണെങ്കിലും സന്നദ്ധ പ്രവർത്തനത്തിന്റെ പ്രയോജനങ്ങൾ വളരെ വലുതാണ്. സന്നദ്ധസേവനം ആവശ്യമുള്ള വ്യക്തികൾക്കു സംഘടനകൾക്കും സമൂഹത്തിനും സുപ്രധാന സഹായം വാഗ്ദാനം ചെയ്യുന്നു. എന്നാൽ സന്നദ്ധ പ്രവർത്തകരായ വ്യക്തികൾക്ക് വലിയനേട്ടങ്ങൾ ഇത്തരം പ്രവർത്തനങ്ങളിലൂടെ ലഭിക്കും.

ശരിയായ ചങ്ങാതിമാരെ കണ്ടെത്താനും, സമൂഹവുമായി ബന്ധപ്പെടാനും, പുതിയ കഴിവുകൾ പഠിക്കാനും, തൊഴിൽ മുന്നോട്ട് കൊണ്ടുപോകാനും പ്രവർത്തകർക്ക് സാധിക്കുന്നു.

മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ സന്നദ്ധ പ്രവർത്തനത്തിൽ ഏർപ്പെടുന്ന വ്യക്തികളുടെ മാനസികവും, ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കാനും സമ്മർദ്ദം കുറയ്ക്കാനും, വിഷാദത്തെ ചെറുക്കാനും, മാനസികമായി ഉത്തേജിപ്പിക്കാനും ജീവിതത്തിൽ ലക്ഷ്യബോധം ഉളവാക്കാനും നമ്മെ സന്നദ്ധപ്രവർത്തനം സഹായിക്കുന്നു.

സന്നദ്ധ പ്രവർത്തകരുടെ മാതൃക ഉൾകൊണ്ടുകൊണ്ട് സാമൂഹ്യ സേവനത്തന് നമുക്കും ഇറങ്ങി തിരിക്കാം. മറ്റുള്ളവരെ പങ്കെടുപ്പിക്കുകയും ചെയ്യാം.

**തയ്യാറാക്കിയത്,**
**സാബു ആൽബർട്ട്**
**കോഡിനേറ്റർ, റ്റി.എസ്.എസ്.എസ്**

**ചൈൽഡ് ലൈൻ തിരുവനന്തപുരം**

*കുട്ടികൾക്ക് അവരുടെ വിഷമ ഘട്ടങ്ങളിൽ 1098 എന്ന സൗജന്യ നമ്പറിൽ വിളിച്ച് സേവനം ഉറപ്പാക്കുവാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ദേശീയ വികസന പദ്ധതി.*

*Jeeva Jyothi Offset Press Tvm Phone. 0471 2311620*

**ദൗത്യം**

മറ്റുള്ളവരുടെ ദുരന്തസാഹചര്യം മനസ്സിലാക്കി അതിനായി പ്രവർത്തകർ ആവശ്യാനുസരണം സേവനം ചെയ്യുന്നു. പാവപ്പെട്ടവർ, പണക്കാർ എന്ന വിവേചനമില്ലാതെ എല്ലാവരും തുല്യരാണെന്നും അർപ്പണ ബോധത്തിലൂടെ മനോഹരമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് അവർക്ക് ആവശ്യമായ സേവനം നൽകുക എന്നതാണ് സന്നദ്ധസേവനത്തിന്റെ പ്രധാന ദൗത്യം.

**സാമൂഹ്യസേവനം പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?**

ഒരാളുടെ സമയം മറ്റുള്ളവരുടെ ക്ഷേമത്തിനായി വിനിയോഗിക്കാൻ കഴിയുന്നത് ഏറ്റവും മികച്ച സമ്മാനമാണ്. ജീവിതം വളരെ ഹ്രസ്വമാണ്, നാമെല്ലാം ഒരിക്കൽ മരിക്കും. അതിനാൽ സമൂഹത്തിന്റെ ഉന്നമനത്തിനു വേണ്ടിയോ അല്ലെങ്കിൽ വ്യക്തികളുടെ നന്മയ്ക്കുവേണ്ടിയോ പ്രവർത്തിക്കുക. ഇതിനേക്കാൾ വലിയ പുണ്യകർമ്മം ജീവിതത്തിലില്ല.

**സന്നദ്ധ പ്രവർത്തനം രണ്ട് തരത്തിൽ**

1) ഔദ്യോഗിക സന്നദ്ധ പ്രവർത്തനം
2) അനൗദ്യോഗിക സന്നദ്ധ പ്രവർത്തനം

**1) ഔദ്യോഗിക സന്നദ്ധ പ്രവർത്തനം :** ഗ്രൂപ്പുകൾ, ക്ലബുകൾ സംഘടനകൾ എന്നിവ വഴി പണം ഈടാക്കാതെ സമൂഹത്തിനുവേണ്ടിയോ ചെയ്യുന്ന സേവനം ആണ് ഔദ്യോഗിക സന്നദ്ധ പ്രവർത്തനം. ഔദ്യോഗിക സന്നദ്ധ പ്രവർത്തകർ ഒരു സംഘടനയുടെ കീഴിലുള്ള എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ട് ആ സംഘടനയുടെ തിരിച്ചറിയൽ കാർഡുകളും യൂണിഫോമും ഉപയോഗിക്കുന്നു.

**2) അനൗപചാരിക സന്നദ്ധ പ്രവർത്തനം**

ഒരു സംഘടനയുടെ കീഴിൽ അല്ലാതെ നടത്തുന്ന സേവനമാണ് അനൗപചാരിക സന്നദ്ധ പ്രവർത്തനം. അനൗപചാരിക സന്നദ്ധ പ്രവർത്തകർ വ്യക്തി താൽപര്യത്തിൽ അധിഷ്ഠിതമാണ്. അവർ ചെറിയ ചെറിയ സഹായങ്ങൾ മറ്റുള്ളവർക്ക് ചെയ്യുന്നു. ഉദാഹരണമായി പ്രായമായ ഒരു വ്യക്തിയെ വഴി നടത്തി വിടുന്നത്, തെരുവുകളിൽ ഭക്ഷണത്തിനു യാചിക്കുന്നവർക്ക് ഭക്ഷണം വാങ്ങി കൊടുക്കുന്നത്.

**ആളുകൾ മറ്റുള്ളവരെ സഹായിക്കുന്നത് എന്തുകൊണ്ട്?**

നാം ഓരോരുത്തരും സന്നദ്ധ പ്രവർത്തനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ചില രാജ്യങ്ങളിൽ ജഡ്ജിമാർ, കുറ്റവാളികൾക്ക് അവരുടെ ശിക്ഷയുടെ ഭാഗമായി കർശനമായിട്ടും സാമൂഹ്യസേവനം ചെയ്യാൻ ആവശ്യപ്പെടുന്നു. അത് അവർക്ക് പുതിയൊരു അനുഭവമാവുകയും കുറ്റവാളികൾ കുറ്റം ചെയ്യുന്നതിനുള്ള പ്രവണത കുറയ്ക്കാനും സാധിക്കുന്നു. ചില ആളുകൾ സന്നദ്ധസേവനം നടത്തുന്നതിന് ഒരു പ്രത്യേക ക്രമീകരണത്തിൽ ഏർപ്പെടുന്നതിനോ അല്ലെങ്കിൽ യഥാർത്ഥ ലോകാനുഭവമുള്ള വ്യക്തികൾ ആകുന്നതിനോ വേണ്ടിയാണ്. വ്യക്തികൾ സന്നദ്ധ സേവനത്തിൽ ഏർപ്പെടുന്നതിലൂടെ അവരുടെ വിഷാദരോഗങ്ങൾ മറികടക്കാൻ സാധിക്കുന്നതായും പഠനങ്ങൾ പറയപ്പെടുന്നു. മറ്റൊരാളുടെ ക്ഷേമത്തിനുവേണ്ടി നിസ്വാർത്ഥമായി എന്തെങ്കിലും ചെയ്യുന്നതിലൂടെ ഓരോ സന്നദ്ധ സേവകനിലും സംതൃപ്തിയുടെ വികാരം ഉളവാക്കുന്നു. സന്നദ്ധസേവനം നടത്തുന്നത് വളരെ ഉന്മേഷദായകമാണ്. വൃദ്ധസദനത്തിൽ പ്രായമായവരുമായി സംസാരിക്കാൻ സമയം ചെലവഴിക്കുകയും, അതിലൂടെ അവർക്ക് മികച്ച ഒരു അനുഭവം നൽകുകയും കൂടാതെ വാത്സല്യവും, ശ്രദ്ധയും, നൽകുകയും ചെയ്യുന്നു. അത് അവരുടെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത മറ്റൊരു അനുഭവമായി എന്നും നിലനിൽക്കും.

**സന്നദ്ധസേവനം ഒറ്റനോട്ടത്തിൽ**

1) മറ്റുള്ളവരെ സഹായിക്കുന്നതിന്.
2) മറ്റുള്ളവരുടെ നേട്ടത്തിൽ നിന്നുള്ള സംതൃപ്തി ലഭിക്കുന്നതിന്
3) പ്രായോഗിക പരിജ്ഞാനം പങ്കിടാനും നേതൃത്വപരമായ കഴിവുകൾ നേടുന്നതിനും വേണ്ടി.
4) ഒരു കാരണത്തോടുള്ള, വിശ്വാസത്തോടുള്ള പ്രതിബദ്ധത പ്രകടമാക്കുന്നതിന്.
5) ഒരു സമുദായത്തെ വ്യക്തമായി അറിയുന്നതിന്.
6) സ്വയം തിരക്കിലായിരിക്കാൻ.
7) സ്വയം പുരോഗതി ഉറപ്പാക്കാൻ.
8) ഒരു ടീമിന്റെ ഭാഗമാക്കാൻ.